# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്-LAC-ADS-പദ്ധതികളുടെ നിർവ്വഹണവും പുരോഗതിയും അവലോകനം ചെയ്യുന്നത് സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (നോഡൽ-ബി) വകുപ്പ്

സ.ഉ.(സാധാ)നം.7791/2015/ധന — തീയതി, തിരുവനന്തപുരം, 01.09.2015

---

സൂചന :- (1) 11.06.2012-ലെ G.O(P)No. 332/12/ധന നമ്പർ സർക്കാർ ഉത്തരവ്.

(2) 22.07.2015-ലെ 67/2015/ധന നമ്പർ സർക്കുലർ

(3) 04.06.2013-ലെ 50/2013/ധന നമ്പർ സർക്കുലർ

## ഉത്തരവ്

സൂചന (1) ഉത്തരവു പ്രകാരമാണ് നിയമസഭാ സാമാജികർക്കുള്ള ആസ്തി വികസന പദ്ധതി സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. സൂചന (2) സർക്കുലർ പ്രകാരം പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള പുതുക്കിയ നിർദ്ദേശങ്ങളും നല്കിയിട്ടുണ്ട്.

എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയിൽ കീഴിലുള്ള പ്രവൃത്തി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തി സൂചന (3) പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജില്ലാ കളക്ടറേറ്റുകളിൽ ജില്ലാ വികസന സമിതിയുടെ പ്രതിമാസ അവലോകന യോഗത്തിൽ എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണവും പുരോഗതിയും അജണ്ടയായി ഉൾപ്പെടുത്തുന്നതിനും മോണിട്ടർ ചെയ്യുന്നതിനും ഇതു സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ വകുപ്പിനു ലഭ്യമാക്കുന്നതിനും കളക്ടർമാർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.എം. എബ്രഹാം

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. എല്ലാ എം.എൽ.എ മാർക്കും.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
5. എല്ലാ ജില്ലാ കളക്ടർമാർക്കും.
6. എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
7. എല്ലാ വകുപ്പ് തലവൻമാർക്കും.
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
9. എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
10. നോഡൽ ഓഫീസർ,www.finance.kerala.gov.in.
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ